(ബി) പ്രകൃതിക്ഷോഭ ദുരിതാശ്വാസത്തിനുള്ള തുക റവന്യൂവകുപ്പാണ് കൈകാര്യം ചെയ്യുന്നത്. റവന്യൂവകുപ്പിൽനിന്നും അനുവദിച്ചുകിട്ടുന്ന തുകയാണ് കൃഷിവകുപ്പ് നൽകുന്നത്. എന്നാൽ പ്രത്യേക സന്ദർഭങ്ങളിൽ കൃഷിവകുപ്പ് നേരിട്ട് കേന്ദ്രസഹായം അഭ്യർത്ഥിക്കുകയും ചെയ്തിട്ടുണ്ട്.

105 (1071) നെല്ലുല്പാദനം

ശ്രീ. പി. വിശ്വൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെല്ലുല്പാദനത്തിൽ കഴിഞ്ഞവർഷം എത്ര ടൺ അധികം ഉല്പാദിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ;

(ബി) നെൻമണി വർഷത്തിൽ നെൽകൃഷി വികസനത്തിന് എന്തു തുക സർക്കാർ ചെലവഴിച്ചുവെന്ന് വ്യക്തമാക്കുമോ?

ഉത്തരം

(എ) കൃഷിവകുപ്പിന്റെ മതിപ്പുകളനുസരിച്ച് 1998-99 വർഷം 2.59 ലക്ഷം ടൺ നെല്ല് അധികം ഉല്പാദിപ്പിച്ചതായി കണക്കാക്കുന്നു.

(ബി) പൊൻമണിവർഷത്തിൽ നെൽക്കൃഷി വികസനത്തിനായി 1467 ലക്ഷം രൂപ ചെലവഴിച്ചിട്ടുണ്ട്.

106 (1072) നെല്ലുല്പാദനം

ഡോ. എം.എ. കുട്ടപ്പൻ :
ഡോ. കെ.സി. ജോസഫ് :
ശ്രീമതി രാധാരാഘവൻ :
ശ്രീ. വി. ജെ. പൗലോസ് :
ശ്രീ. കെ. കെ. രാമചന്ദ്രൻ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) 1994-95-ൽ നെല്ല് ഉല്പാദനം ഹെക്ടർ ഒന്നിന് എത്ര കിലോഗ്രാം ആയിരുന്നു; 1997-98-ൽ ഇതിൽ എന്ത് വർദ്ധനവുണ്ടായി;

(ബി) ഇപ്പോൾ നടപ്പിലാക്കി വരുന്ന പദ്ധതികൾ മൂലം നെല്ല് ഉല്പാദനത്തിൽ എന്ത് വർദ്ധനവാണ് പ്രതീക്ഷിക്കുന്നത്?

ഉത്തരം

(എ) 1994-95-ൽ നെല്ല് ഉല്പാദനം ഹെക്ടറിന് 2934 കിലോഗ്രാം ആയിരുന്നു. 1997-98-ൽ അത് 2992 കിലോഗ്രാമായിരുന്നു.

(ബി) 1999-2000 വർഷം നെല്ല് ഉല്പാദനം 13.36 ലക്ഷം ടൺ ആയി ഉയർത്താൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നത്.

107 (1073) നെൽക്കൃഷിക്കാർക്ക് ഉല്പാദന ബോണസ്

ശ്രീ. സി.പി. ബാലൻ വൈദ്യർ :
ശ്രീ. വെങ്ങാനൂർ പി. ഭാസ്കരൻ :
ശ്രീമതി ജെ. മെഴ്സിക്കുട്ടിയമ്മ :

LIBRARY ARCHIVES Kerala Legislative Assembly

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ജോൺ ഫെർണാണ്ടസ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) സംസ്ഥാനത്ത് നെൽകൃഷിക്കാർക്ക് ഉല്പാദന ബോണസ് നൽകി വരുന്നുണ്ടോ;

(ബി) എങ്കിൽ എന്തു തുകയാണ് ഉല്പാദന ബോണസായി നൽകി വരുന്നതെന്ന് വെളിപ്പെടുത്തുമോ;

(സി) ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം എത്ര തവണ ഉൽപ്പാദനബോണസ് വർദ്ധിപ്പിച്ചു നൽകിയെന്ന് വ്യക്തമാക്കുമോ;

(ഡി) ഉല്പാദന ബോണസ് നൽകുന്നതിന്റെ ഉദ്ദേശലക്ഷ്യങ്ങൾ എന്തെല്ലാമെന്ന് വ്യക്തമാക്കുമോ;

(ഇ) ബോണസ്സ് വർദ്ധിപ്പിച്ചുകൊണ്ട് നെല്ലുല്പാദനം മെച്ചപ്പെടുത്താൻ സർക്കാർ നടപടി സ്വീകരിക്കുമോ?

ഉത്തരം

(എ) ഉണ്ട്.

(ബി)&(സി) ഈ ഗവൺമെന്റ് അധികാരത്തിൽ വന്നപ്പോൾ ഉണ്ടായിരുന്ന 250 രൂപ 350 രൂപയായി വർദ്ധിപ്പിച്ച് നൽകിവരുന്നു.

(ഡി) നെൽക്കൃഷി ആകർഷകവും കൂടുതൽ ലാഭകരമാക്കുന്നതിനും അതുവഴി ഉല്പാദനം വർദ്ധിപ്പിക്കുന്നതിനുമാണ് ഉൽപ്പാദനബോണസ് നൽകുന്നത്.

(ഇ) സ്വീകരിച്ചുവരുന്നു.

103 (1074) റൈസ് മില്ലുകൾ സ്ഥാപിക്കുവാനുള്ള നടപടി

ശ്രീ. ജോസ് ബേബി :
ശ്രീ. സി.എൻ. ജയദേവൻ :
ശ്രീ. സത്യൻ മൊകേരി :
ശ്രീ. പി. രാജു
ശ്രീ. കെ.പി. രാജേന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷി വകുപ്പു മന്ത്രി സദയം മറുപടി നൽകുമോ :

(എ) നെൽകർഷകരെ സഹായിക്കുവാനായി സംസ്ഥാനത്ത് ആധുനികരീതിയിലുള്ള റൈസ് മില്ലുകൾ സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നുണ്ടോ;

(ബി) എങ്കിൽ എവിടെയെല്ലാമാണ് സ്ഥാപിക്കുവാൻ ഉദ്ദേശിക്കുന്നതെന്ന് വ്യക്തമാക്കുമോ;

(സി) ഓരോ മില്ലിന്റെയും കപ്പാസിറ്റി എത്ര വീതമെന്നും മില്ലുകൾ സ്ഥാപിക്കുന്നതിനുള്ള നടപടികൾ ഏതുവരെയായിട്ടുണ്ടെന്നും വിശദമാക്കുമോ?

ഉത്തരം

(എ) ഉണ്ട്